**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6107** **09-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ എത്രപേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.<br><br>അത്യാവശ്യ ഘട്ടങ്ങളിൽ മതിയായ സ്ഥിര ജീവനക്കാരുടെ അഭാവത്തിൽ മതിയായ യോഗ്യതയുള്ള ആൾക്കാരെ നൽകുന്നതിനായി വർക്ക് കോൺട്രാക്ട് കൊടുക്കാറുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 217 ഒഴിവുകളും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 29 ഒഴിവുകളും പി.എസ് .സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (സി) | കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുടെ കുറവ്മൂലം വരും വർഷങ്ങളിൽ ഉണ്ടാകാൻ പോകുന്ന ഒഴിവുകൾ 13/02/2021 തീയതിയിലെ ജി.ഒ.(എം.എസ്.)നം. 05/2021/പി.&എ.ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം ഡയറക്ട് ക്വാട്ടയിലേക്ക് ഡീകേഡർ ചെയ്ത് പി.എസ്.സി. വഴി നികത്തുമോ; | (സി) | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാർ നിലവിലുള്ളതിനാൽ 13.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.05/2021/പി &എ.ആർ.ഡി പ്രകാരം ഡയറക്ട് ക്വാട്ടയിലേക്ക് ഡീക്കേഡർ ചെയ്ത് പി.എസ്.സി വഴി നിയമനം നടത്തേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല. |
| (ഡി) | കെ.എസ്.ഇ.ബി.യിലെ മുഴുവൻ ജീവനക്കാരുടേയും എണ്ണം 30321-ൽ നിജപ്പെടുത്താനുള്ള സർക്കാർ നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ഡി) | വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുകയും, ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. |
| (ഇ) | കെ.എസ്.ഇ.ബി. പുനഃസംഘടന സംബന്ധിച്ച നിലവിലത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ? | (ഇ) | വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. |

സെക്ഷൻ ഓഫീസർ